ഇ.എം.(2) 13176/2007

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 22.5.2008.

## സർക്കുലർ നമ്പർ. 4/2008

വിഷയം:– പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ് –സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :– 1) സഹകരണ സംഘം രജിസ്ട്രാറുടെ 31.10.2000 ലെ 46/2000–ാം നമ്പർ സർക്കുലർ.
2) സർക്കാരിന്റെ 23.8.2005–ലെ ജി.ഒ.(പി) 220/05 സഹ.നമ്പർ ഉത്തരവ്.
3) സഹകരണ സംഘം രജിസ്ട്രാറുടെ 10.10.2005–ലെ 37/2005 –ാം നമ്പർ സർക്കുലർ.
4) സർക്കാരിന്റെ 14.8.2007 –ലെ 5792./സി3/2007/സഹ. നമ്പർ കത്ത്.

*************

പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട് ടൈം ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരിഷ്ക്കരിച്ചുകൊണ്ട് സൂചന ഒന്ന് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. സൂചന രണ്ട് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1.4.2004 മുതൽ പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ ആറാം ഖണ്ഡിക പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ചു നൽകുകയും, മറ്റു ജീവനക്കാർക്ക് ലഭ്യമാകുന്ന നിരക്കിൽ ക്ഷാമബത്ത വീട്ടു വാടക അലവൻസ് എന്നിവയും അർഹമായ തോതിൽ ലഭിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത ശമ്പള പരിഷ്ക്കരണ ഉത്തരവിനെ തുടർന്ന് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച സൂചന മൂന്നിലെ സർക്കുലർ പ്രകാരം 58 വയസ്സു പൂർത്തിയാകാത്ത എല്ലാ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർക്കും ശമ്പള സ്കെയിൽ അനുവദിയ്ക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. 1.4.2004 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്ക്കരണ ഉത്തരവ് മുഖേന ആദ്യമായി ടി വിഭാഗം ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ചപ്പോൾ, പ്രസ്തുത സർക്കാർ ഉത്തരവിലോ തുടർന്ന് സൂചന മൂന്ന് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശത്തിലോ ഇവരുടെ റിട്ടയർമെന്റ് പ്രായം സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ലായിരുന്നു. ടി വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, സൂചന നാല് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കാസ്പദമായി താഴെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യുന്ന പി.ടി.എസ്. ജീവനക്കാരും ശമ്പളസ്കെയിലിൽ നിയമിയ്ക്കപ്പെടുന്ന പി. ടി.എസ് ജീവനക്കാരും 65 വയസ്സിൽ സർവ്വീസിൽ നിന്നും പിരിയേണ്ടതാണ്.

2) ഇപ്പോൾ 65 വയസ്സിനുമുകളിൽ പ്രായമുള്ളവർ ജോലിയിൽ തുടരുന്ന പക്ഷം അവർക്ക് ശമ്പള സ്കെയിൽ അനുവദിയ്ക്കുവാൻ പാടില്ല.

3) നിലവിൽ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യാത്തവർക്കും, പേ സ്കെയിൽ ലഭ്യമല്ലാത്തവർക്കും 70 വയസ്സുവരെ പി. ടി. എസ്സായി തുടരാവുന്നതാണ്.

4) എന്നാൽ 65 വയസ്സു മുതൽ 70 വയസ്സുവരെ, വിവിധ പ്രായത്തിലുള്ള പാർട്ട് ടൈം സ്വീപ്പർമാർ മുഴുവൻപേരും റിട്ടയർ ചെയ്ത് കഴിഞ്ഞാൽ, പിന്നീട് ഈ കാറ്റഗറിയിലുള്ളവർ നിയമിയ്ക്കപ്പെടുന്നവർ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്താലും ഇല്ലെങ്കിലും 65 വയസ്സിൽ സർവ്വീസിൽ നിന്നും പിരിയേണ്ടതാണ്.

5) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽകൊണ്ടു വരേണ്ടതാണ്. ടി നിർദ്ദേശങ്ങൾ എല്ലാം പ്രാഥമിക സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടെന്ന് അവയുടെ ആഡിറ്റ് നടത്തുന്ന അവസരത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ആഡിറ്റ് വിഭാഗം ജോയിന്റ് രജിസ്ട്രാർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്,
കെ. വി. സുരേഷ്ബാബു,
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രഡിറ്റ്)

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
3. എഡിറ്റർ, സഹകരണ വീഥി, സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
4. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
5. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷൻ തലവൻമാർക്കും
6. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.